## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1680 — 04.12.2018-ൽ മറുപടിയ്ക്ക്.

## വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

| | ചോദ്യം<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ. ഒ. ആർ. കേളു<br>ശ്രീ. കെ.ഡി. പ്രസേനൻ<br>ശ്രീ. ആർ. രാജേഷ് | | മറുപടി<br>ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2019-20 ലേക്കുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചിട്ടുണ്ടോ; | (എ) | 19.09.2018 ലെ സ.ഉ. (സാധാ) നം. 2462/2018/തസ്വഭവ, 23.10.2018 ലെ സ.ഉ. (സാധാ) നം. 2710/2018/തസ്വഭവ എന്നീ ഉത്തരവുകൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2019-20 ലേക്കുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇപ്രകാരം പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ നവകേരള സൃഷ്ടിക്ക് പ്രാധാന്യം നൽകണമെന്നും പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം എന്നിവയ്ക്ക് നിർബന്ധമായും ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. മഹാപ്രളയം നൽകിയ പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ടും ഇതു സംബന്ധിച്ച സർക്കാരിന്റെ നിർദ്ദേശം കണക്കിലെടുത്തുകൊണ്ടും പുതിയ കേരളം എന്ന ലക്ഷ്യം നേടിയെടുക്കത്തക്ക നിലയിൽ വേണം 2019-20 ലേക്കുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കേണ്ടത് എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ഉണ്ടായ മഹാപ്രളയത്തിന്റെയും ഇടയ്ക്കിടെ ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളുടെയും പശ്ചാത്തലത്തിൽ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും "ജൈവ വൈവിദ്ധ്യ മാനേജ് മെന്റ്, കാലാവസ്ഥ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം എന്ന മേഖലയ്ക്ക് ഒരു പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് നിർബന്ധമായും രൂപീകരിക്കണം എന്ന നിർദ്ദേശം |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതല സംബന്ധിച്ച് വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രളയത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവരുടെ തൊഴിൽ ഉറപ്പാക്കുന്നതിനും അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള എന്തെല്ലാം നടപടികളാണ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | ഇതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ് |
| (ഡി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പുരോഗതി അവലോകനം ചെയ്യാൻ ജില്ലാതല യോഗങ്ങൾ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉണ്ട്. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പുരോഗതി അവലോകനം ചെയ്യാൻ ജില്ലാതല യോഗങ്ങൾ നടത്തിവരുന്നുണ്ട്. ഇടുക്കി, കണ്ണൂർ,കാസർഗോഡ് ഒഴികെയുള്ള 11 ജില്ലകളിലെ ഒന്നാംഘട്ട പദ്ധതിപുരോഗതി അവലോകനം 2018 ജൂലൈ മാസത്തിൽ നടന്നിട്ടുണ്ട്. രണ്ടാംഘട്ട അവലോകന യോഗങ്ങൾ ഇപ്പോൾ നടന്നുവരുന്നു. എറണാകുളം, ഇടുക്കി, കോഴിക്കോട്, ആലപ്പുഴ, വയനാട് എന്നീ അഞ്ച് ജില്ലകളിലേത് പൂർത്തിയായി. ബാക്കിയുള്ള ജില്ലകളുടേത് 2018 ഡിസംബർ 30 നകം പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

"ജൈവ വൈവിധ്യ മാനേജ്മെന്റ് കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം" എന്ന മേഖലയ്ക്കായി രൂപീകരിക്കുന്ന പ്രത്യേക വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലകൾ ചുവടെ ചേർക്കുന്നു.-

### 1 ജൈവ വൈവിദ്ധ്യ മാനേജ് മെന്റ്

1) ജൈവ വൈവിദ്ധ്യ രജിസ്റ്റർ സമകാലികമായി തയ്യാറാക്കുന്നതിന് ബയോഡൈവേഴ്സിറ്റി മാനേജ് മെന്റ് കമ്മിറ്റികളെ സഹായിക്കുക
2) ജൈവവൈവിദ്ധ്യ പരിപാലനത്തിനുള്ള തദ്ദേശ ഭരണ സ്ഥാപനതല പദ്ധതി തയ്യാറാക്കുന്നതിന് നേതൃത്വം നൽകുക.
3) വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതു ഇടങ്ങൾ, സാമൂഹ്യ സംഘടനകളുടെ സ്ഥലങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജൈവ വൈവിധ്യ പാർക്കുകൾ സ്ഥാപിച്ച് പരിപാലിക്കു ന്നതിനുള്ള സാധ്യത സംബന്ധിച്ച് നിർദ്ദേ ശങ്ങൾ സമർപ്പിക്കുക.
4) അധിനിവേശ സസ്യങ്ങൾ, മറ്റ് ജീവജാലങ്ങൾ എന്നിവ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുക

### 2. കാലാവസ്ഥാ വ്യതിയാനം

1) കാലാവസ്ഥാ വ്യതിയാനത്തിന് കാരണമാകുന്ന ഹരിതഗൃഹ വാതകങ്ങൾ (Green house Gases) പരമാവധി കുറയ്ക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുക.
2) ആഗോള താപനവും കാലാവസ്ഥാ വ്യതിയാനവും സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ നേരിടുന്നതിന്/ലഘൂകരിക്കുന്നതിന് ദേശീയ, സംസ്ഥാന സർക്കാരുകൾ ചെയ്തു വരുന്ന പ്രവർത്തനങ്ങളുടെ ചുവടു പിടിച്ച് പ്രാദേശിക കർമ്മ പദ്ധതിക്ക് രൂപം നൽകുക.
3) പ്രകൃതി വിഭവങ്ങളുടെ അനിയന്ത്രിതമായ ഉപയോഗം കുറയ്ക്കുന്നതിനും ബദൽ സംവിധാ നങ്ങൾ സ്വീകരിക്കുന്നതിനും സഹായകമാകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തുക.
4) ക്ലൈമറ്റ് റെസിലിയന്റ് കേരള എന്ന ലക്ഷ്യം നേടാനുള്ള പ്രവർത്തന പദ്ധതി ആവിഷ്കരിക്കുക.

### 3. പരിസ്ഥിതി സംരക്ഷണം

1) പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനപദ്ധതിയിൽ ഉൾപ്പെ ടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക.
2) കാർബൺ ന്യൂട്രൽ തദ്ദേശഭരണസ്ഥാപനം എന്ന ലക്ഷ്യത്തിനായി പ്രവർത്തിക്കുക
3) പരിസ്ഥിതി ആഘാതം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് തയ്യാറാക്കി പരിഹാര നടപടികൾ നിർദ്ദേശിക്കുക.

### 4. ദുരന്തനിവാരണം

1) ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് തടസ്സമായേക്കാവുന്ന നിർമ്മിതികൾ കുറയ്ക്കുന്നതിന് സഹായകരമാകുന്ന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിർദ്ദേശ ങ്ങൾ സമർപ്പിക്കുക.
2) ദുരന്തത്തെ നേരിടുന്നതിനുള്ള തയ്യാറെടുപ്പ് പ്രവർത്തനങ്ങൾക്ക് മുഖ്യ പരിഗണന നൽകിക്കൊണ്ട് ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കുക
3) ദുരന്ത നിവാരണ വകുപ്പ് നിർദ്ദേശിച്ച തരത്തിൽ കമ്മ്യൂണിറ്റി റെസ്ക്യൂ വോളണ്ടിയേഴ്സിനെ പരിശീലിപ്പിച്ച് ഗ്രൂപ്പ് രൂപീകരിക്കുക.